# ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം. പിൻ. 695035
ഫോൺ: 0471-2302490 ഫാക്സ്: 0471-2303025/2303080
ഇ-മെയിൽ: dhskerala@gmail.com
വെബ്സൈറ്റ്: www.dhs.kerala.gov.in


നമ്പർ..ഇഎസ് 2/77233/2015/ആവഡ — തീയതി.09/03/2016

## നോട്ടീസ്

വിഷയം: ആവഡ- സീനിയർ ക്ലാർക്ക്മാരുടെ 14/10/1993 മുതൽ 16/06/2000 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ നിന്നും ശ്രീ.പി.കെ.രാമകൃഷ്ണനെ ഒഴിവാക്കുന്നത് സംബന്ധിച്ച്.

സൂചന:
1. Order No.ES2(Spl.Cell)67069/06/DHS Dt.29/09/2007
2. KGD1(3)47/84/PSC Kanhangad. Dt.27/101989
3. O&M2/78765/1989/DHS Dt.17/04/1991
4. Order No.ED1/8/2000(2)/DHS Dt.16/06/2000
5. Order No.ED1/9/2015/DHS Dated.20/10/2015
6. Order No.ES2/151198/2005/DHS Dt.02/02/2007
7. This office order even no. Dt.15/12/2014

സൂചന 1 പ്രകാരം തയ്യാറാക്കിയ സീനിയർ ക്ലാർക്ക്മാരുടെ 14/10/1993 മുതൽ 16/06/2000 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 429 ാം നമ്പരായി ഉൾപ്പെടുത്തിയിട്ടുള്ള ശ്രീ.പി.കെ.രാമകൃഷ്ണൻ ക്ലാർക്ക് തസ്തികയിൽ ജോലി നോക്കവേ അന്തർജില്ല സ്ഥലംമാറ്റം വാങ്ങിയതിനാൽ പ്രസ്തുത പട്ടികയിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് പരാതി ലഭിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ സർവീസ് വിവരങ്ങൾ വിശദമായി പരിശോധിച്ചു.

ശ്രീ.പി.കെ.രാമകൃഷ്ണൻ സൂചന 2 പ്രകാരം കാസർഗോഡ് ജില്ലാ പി.എസ്.സിയുടെ നിയമന ശുപാർശ മുഖേന ക്ലാർക്ക് തസ്തികയിൽ 07/12/1989 ന് കാസർഗോഡ് ജില്ലയിൽ ജോലിയിൽ പ്രവേശിച്ചു. അതിൻ പ്രകാരം സൂചന 3 പ്രകാരമുള്ള ക്ലാർക്ക്മാരുടെ 06/1986 മുതൽ 08/1990 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 911- ാം നമ്പരായി ഉൾപ്പെടുത്തുകയും ചെയ്തു. അതിന്റെ

അടിസ്ഥാനത്തിൽ സൂചന 4 പ്രകാരം സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിക്കുകയും സൂചന 1 പ്രകാരമുള്ള സീനിയർ ക്ലാർക്ക്മാരുടെ 14/10/1993 മുതൽ 16/06/2000 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 429 ാം നമ്പരായി ഉൾപ്പെടുത്തുകയും തുടർന്ന് സൂചന 5 പ്രകാരം ഹെഡ് ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്തു.

എന്നാൽ ശ്രീ.പി.കെ.രാമകൃഷ്ണൻ ക്ലാർക്ക് തസ്തികയിൽ തുടരവെ കോഴിക്കോട് ജില്ലയിലേയ്ക്ക് അന്തർജില്ല സ്ഥലംമാറ്റം നേടുകയും 01/03/1996 ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. KS&SSR Rule 27 C അനുസരിച്ച് പുതിയതായി പ്രവേശിച്ച ജില്ലയിലെ തീയതിയായ 01/03/1996 മുതലാണ് സീനിയോരിറ്റി കണക്കാക്കുന്നത്. എന്നാൽ അവ കണക്കിലെടുക്കാതെയാണ് ടിയാളുടെ സീനിയോരിറ്റി കണക്കാക്കിയതും സ്ഥാനക്കയറ്റങ്ങൾ അനുവദിക്കുകയും ചെയ്തത്. അന്തർജില്ല സ്ഥലം മാറ്റം വാങ്ങിയതിനാൽ ടിയാളെ സൂചന 3 പ്രകാരമുള്ള ക്ലാർക്ക്മാരുടെ സീനിയോരിറ്റി പട്ടികയിൽ നിന്നും ഒഴിവാക്കി സൂചന 6 പ്രകാരമുള്ള ക്ലാർക്ക്മാരുടെ ക്ലാർക്ക്മാരുടെ 01/01/1994 മുതൽ 31/03/1997 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 227 (എ) ആയി ഉൾപ്പെടുത്താനും സൂചന 1 പ്രകാരമുള്ള സീനിയർ ക്ലാർക്ക്മാരുടെ 14/10/1993 മുതൽ 16/06/2000 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ നിന്നും ഒഴിവാക്കി സൂചന 7 പ്രകാരമുള്ള സീനിയർ ക്ലാർക്ക്മാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 358 (എ) ആയി ഉൾപ്പെടുത്താനും താൽകാലികമായി തീരുമാനിച്ചിരിക്കുന്നു. വിശദ വിവരം തഴെ കൊടുക്കുന്നു.

| Sl. No | Name & Present Station | Date of Birth | Existing rank No.in the S.L of Clerk (1986-1990) | New Rank No. In the SL of Clerk (1994-1997) | Existing rank No.in the S.L of Sr.Clerk (1993-2000) | New Rank No. In the SL of Sr.Clerk (2000-2012) | Remarks |
|---|---|---|---|---|---|---|---|
| 1 | Sri.P.K. Ramakrishnan Thaluk Hospital, Payyannur | 03/05/1965 | 911 | 227(A) | 429 | 358(A) | Rank No.911 in the S.L of Clerk (86-90) and rank No.429 in the S.L of Senior Clerk (1993-2000) is decided for removed. |

പ്രസ്തുത തീരുമാനത്തിനെതിരെ ആർക്കെങ്കിലും ആക്ഷേപം സമർപ്പിക്കാനുണ്ടെങ്കിൽ അവ ടി നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം നേരിട്ടോ തപാൽ മാർഗ്ഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ആഫീസിൽ എത്തിക്കേണ്ടതാണ്.

ഒപ്പ്
പി.വി.മനോജ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താക്കൾ.

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
2. ബന്ധപ്പെട്ട എല്ലാ സ്ഥാപന മേലധികാരികൾക്കും.
3. ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും.
4. ശ്രീ.പി.കെ.രാമകൃഷ്ണൻ, ഹെഡ് ക്ലാർക്ക്,താലൂക്ക് ആശുപത്രി, പയ്യന്നൂർ,കണ്ണൂർ.(പയ്യന്നൂർ, താലൂക്ക് ആശുപത്രിയിലെ സൂപ്രണ്ട് മുഖാന്തിരം)
5. സൂപ്രണ്ട്, താലൂക്ക് ആശുപത്രി, പയ്യന്നൂർ,കണ്ണൂർ.
6. ഇ.ഡി. സെക്ഷൻ.
7. ഫയൽ/ കരുതൽ ഫയൽ